**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1130** **29-08-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞൂർ പഞ്ചായത്തിലെ പുതിയേടം മൃഗാശുപത്രി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ പുതിയേടം മൃഗാശുപത്രി കെട്ടിടത്തിന് എത്ര നിലകളാണുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | **കാഞ്ഞൂർ പഞ്ചായത്തിലെ പുതിയേടം മൃഗാശുപത്രി കെട്ടിടത്തിന് രണ്ട് നിലകളാണ് ഉള്ളത്.** |
| (ബി) | ഈ മൃഗാശുപത്രിയുടെ ഒന്നാം നില ഏതു വർഷമാണ് പണി പൂർത്തിയാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കാമോ; | (ബി) | **മൃഗാശുപത്രിയുടെ ഒന്നാം നില 2014-15 സാമ്പത്തിക വർഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്.** |
| (സി) | ഒന്നാം നില ഉപയോഗിക്കുന്നതിനായി മൃഗാശുപത്രി അധികൃതർ കാഞ്ഞൂർ പഞ്ചായത്ത് അധികൃതർ മുമ്പാകെ അപേക്ഷ നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; | (സി) | **ഇല്ല.** |
| (ഡി) | പണി പൂർത്തിയാക്കിയതു മുതൽ നാളിതുവരെ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട എന്തെങ്കിലും ആവശ്യത്തിന് ഒന്നാം നില ഉപയോഗിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്താവശ്യത്തിനെന്നും ഏതെല്ലാം തിയതികളിൽ എന്നും വ്യക്തമാക്കാമോ; | (ഡി) | **സീലിംഗ്, വയറിംഗ്. ഫ്ലോറിംഗ് മുതലായവ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കാര്യപരിപാടിക്ക് ഈ ഹാൾ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. എന്നാൽ പദ്ധതി വിശദീകരണങ്ങൾ, ഗുണഭോക്തൃയോഗങ്ങൾ എന്നിവ നടത്തുന്നതിന് ഇവിടം ഉപയോഗിച്ചുവരുന്നു.** |
| (ഇ) | പഞ്ചായത്തു രാജ് നിയമപ്രകാരം പഞ്ചായത്തുകളിലെ മൃഗാശുപത്രികളുടെ ആസ്തിയും, ജീവനക്കാരും പഞ്ചായത്തിന്റെ അധികാര പരിധിയിൽ നിക്ഷിപ്തമാണോ എന്നു വ്യക്തമാക്കാമോ; | (ഇ) | **നിക്ഷിപ്തമാണ്.** |
| (എഫ്) | കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പുതിയേടം മൃഗാശുപത്രിയുടെ ഒന്നാം നില താത്കാലികമായി പഞ്ചായത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കാനുള്ള നീക്കത്തിന് മൃഗ സംരക്ഷണ വകുപ്പ് തടസ്സം ഉന്നയിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; | (എഫ്) | **ഉണ്ട്. എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ പുതിയേടം മൃഗാശുപത്രി കെട്ടിടത്തിന് മുകളിൽ കെ.എസ്.ഇ.ബി ഓഫീസിന്റെ പ്രവർത്തനം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നെങ്കിലും 15/03/2022-ലെ സ.ഉ(സാധാ) നം.141/2022/എ.എച്ച്.ഡി. നമ്പർ (പകർപ്പ് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു) ഉത്തരവിലൂടെ മൃഗസംരക്ഷണ വകുപ്പിന്റെ** |

| | | | |
|---|---|---|---|
| | | | **അധീനതയിലുള്ള സ്ഥാപനങ്ങൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നിഷേധിച്ച് സർക്കാർ പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ജി) | മേൽക്കാര്യത്തിൽ സ്വയംഭരണ സ്ഥാപനമായ പഞ്ചായത്തുകളുടെ അധികാരത്തെ ഒഴിവാക്കിയുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ എന്നു വ്യക്തമാക്കാമോ ;ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ? | (ജി) | **പഞ്ചായത്തുകളുടെ അധികാരത്തെ ഒഴിവാക്കിയുള്ള സർക്കാർ ഉത്തരവ് നിലവിൽ ഇല്ല. എന്നാൽ കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തിനോടനുബന്ധിച്ചുള്ള വസ്തു വകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗപ്പെടുത്തേണ്ടതാണെന്നും മറ്റ് യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്തുവാൻ പാടില്ലയെന്നും സർക്കാരിന്റെ 27/02/2003 ലെ സ.ഉ.(സാധാ).നം.677/2003/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു).** |

സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.141/2022/AHD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുവാനുള്ള അനുമതി നിഷേധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മൃഗസംരക്ഷണ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.141/2022/AHD തീയതി,തിരുവനന്തപുരം, 15-03-2022

പരാമർശം:-
1. സ.ഉ (സാധാ) 677/2003/LSGD തീയതി 27/2/2003.
2. സർക്കുലർ നമ്പർ സി2/15471/2018 തീയതി 8/1/2018.
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 07/02/2022-ലെ എ.എച്ച്.ഡി/7570/2021-എം 3 നമ്പർ കത്ത്.

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രി/സ്ഥാപനങ്ങളോടൊപ്പം മറ്റ വകുപ്പുകളുടേയോ/സ്ഥാപനങ്ങളുടേയോ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി തേടി നിരവധി അപേക്ഷകൾ മൃഗസംരക്ഷണ വകുപ്പിൽ ലഭിച്ചു വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) പരാമർശം (1) ഉത്തരവു പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) സർക്കുലർ പ്രകാരവും, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ എന്ത് ആവശ്യത്തിനാണോ നിലകൊള്ളുന്നത് ആയത് അതേപടി നിലനിർത്തിക്കൊണ്ട് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുവാനും, മറ്റ് യാതൊരുവിധ സംരംഭത്തിനും ഉപയോഗിക്കുവാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളുടെ ഓഫീസുകൾ താൽക്കാലികമായി പോലും മൃഗാശുപത്രിയോടൊപ്പം പ്രവർത്തിപ്പിച്ചാൽ, ഇരു ഓഫീസുകളിലും പൊതുജനങ്ങൾ ധാരാളമായി വന്നുചേരുമെന്നതിനാൽ, പൊതുജനങ്ങൾക്കിടയിൽ ജന്തു-ജന്യ രോഗങ്ങൾ പിടിപെടാനും, മൃഗാശുപത്രിയിലെത്തുന്ന മൃഗങ്ങളുടെ ക്ഷേമത്തിനും കോട്ടം തട്ടാൻ സാധ്യതയുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിന്റേയും, 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) സർക്കുലറിന്റേയും അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള അനുമതി നിഷേധിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

മൃഗസംരക്ഷണ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖാന്തിരം).

സ.ഉ.(സാധാ) നം.141/2022/AHD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്, കേരളം, തിരുവനന്തപുരം).
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (പ്രസ്&ന്യൂമീഡിയ),
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (മാധ്യമങ്ങളിൽ
പ്രസിദ്ധീകരണത്തിനായി).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA.

Abstract.

Assets transferred to Local Governments Utilization of income from land-orders issued.

---

LOCAL SELF GOVERNMENT(DP)DEPARTMENT.

G.O(Rt)No.677/2003/LSGD. Dated, Thiruvananthapuram 27-2-2003.

---

ORDER.

As part of decentralization various public assets have been transferred to local Government. These assets like schools. Hospitals, Agricultural Farms, Road etc. have land which can be used productively by local Governments, even though local Governments do not have the right to alienate such land or use it for purposes unrelated to the original purpose of the asset.

Local Governments have pointed out that they are willing to invest in the land and develop it productively if the existing stipulation that the revenue from such assets be credited to Govt. Account is modified and the local Governments are allowed to credit such income to the Panchayat Fund or municipal fund as the case may be.

Government have examined the matter in detail and are pleased to order that the income accruing from the assets like schools, hospitals, farms etc. which are under the control of Local Government should transferred as own income of the local Governments concerned.

(By order of the Governor)
N.Chandrasekharan Nair
Chief Secretary to Government.

Endt. on D.3456/2003/Plg.AH.Dis,dated 11-4-2003.

Copy communicated to all sub officers for information and necessary action.

Copy to: The Dist.A.H.Officer's table.
" The D.D.(A.H)/T.A/A.A/S.S/J.S.
Copy to: A1,A2,B1,B2,C,D,E,F1,F2,F3 sections for information.
Copy to: Stock File.D.

DIST.ANIMAL HUSBANDRY OFFICER,
KANNUR.

K.R |